**ഭരണഭാഷ - മാതൃഭാഷ**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ് (LID & EW)
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471  2324951
0471  2325071
Tele FAX : 0471  2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. എ1-5944/2016/സിഇ/തസ്വഭവ (Vol. II)** **തീയതി . 14/10/2020**

# നോട്ടീസ്

വിഷയം : തസ്വഭവ (LID & EW) - ജീവനക്കാര്യം - ക്ലർക്കുമാരുടെ അന്തിമ മുൻഗണനാപ്പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന :
1) കോഴിക്കോട് ജില്ലാ പി.എസ്.സി ഓഫീസറുടെ 04.11.2014-ലെ DV(4) 1241/11(4) നമ്പർ നിയമന ശുപാർശ
2) ഈ കാര്യാലയത്തിലെ 24.11.2014-ലെ എ1-1004/13/സിഇ/തസ്വഭവ(10) നമ്പർ നിയമന ഉത്തരവ്
3) ജി.ഒ(ആർ.റ്റി) നം. 2492/17/തസ്വഭവ തീയതി 20.07.2017
4) ഈ കാര്യാലയത്തിലെ 20.07.2017-ലെ എ1-7508/2015/സിഇ/തസ്വഭവ നമ്പർ ഉത്തരവ്
5) ഈ കാര്യാലയത്തിലെ 21.11.2017-ലെ എ1-5944/2016/സിഇ/തസ്വഭവ നമ്പർ ക്ലർക്കുമാരുടെ അന്തിമ മുൻഗണനാപ്പട്ടിക
6) ഈ കാര്യാലയത്തിലെ 05.12.2019-ലെ എ1-5944/2016/സിഇ/തസ്വഭവ നമ്പർ ക്ലർക്കുമാരുടെ അന്തിമ മുൻഗണനാപ്പട്ടിക
7) കോഴിക്കോട് ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ 04.08.2020-ലെ A4/Gen/1432/2020 നമ്പർ കത്ത്

ഈ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ 01.11.2013 മുതൽ 30.06.2017 വരെയുള്ള കാലയളവിൽ നിയമനം ലഭ്യമായി സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാരുടെ അന്തിമ മുൻഗണനാപ്പട്ടിക മേൽ സൂചന (5) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് 01.07.2017 മുതൽ 31.12.2018 വരെയുള്ള കാലയളവിൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ മുൻഗണനാപ്പട്ടിക മേൽ സൂചന (6) പ്രകാരം ക്രമീകരിച്ച് ഉത്തരവായിരുന്നു.

കോഴിക്കോട് ജില്ലയിൽ മേൽ സൂചന (1) പ്രകാരം ക്ലർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ. നന്ദകുമാർ. വി.റ്റി (PEN 336018), ടി തസ്തികയിൽ 12.12.2014-ന് സേവനത്തിൽ പ്രവേശിക്കുകയും തുടർന്ന് മേൽ സൂചന (3) പ്രകാരം പ്രൊബേഷൻ പൂർത്തീകരണത്തിന് മുൻപേ KSR ഭാഗം I Appendix XIIB പ്രകാരം 23.01.2015 മുതൽ 23.07.2017 വരെ ശൂന്യവേതനാവധിയിലായിരുന്നു. സൂചന (4) ഉത്തരവ് പ്രകാരം ടിയാൻ തിരികെ ക്ലർക്ക്

തസ്തികയിൽ തസ്വഭവ സബ്ഡിവിഷൻ കോഴിക്കോട് ബ്ലോക്ക്പഞ്ചായത്തിൽ 24.07.2017-ന് സേവനത്തിൽ പ്രവേശിച്ചു. മേൽ സൂചന (6) പ്രകാരം പ്രസിദ്ധീകരിച്ച ക്ലർക്കുമാരുടെ അന്തിമ മുൻഗണനാപ്പട്ടികയിൽ ടിയാന്റെ പേര് ഉൾപ്പെടുത്തുന്നതിലേയ്ക്കായി മേൽ സൂചന (7) പ്രകാരം ഉചിതമാർഗ്ഗേന ഈ കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ, കേരള സർവീസ് ചട്ടം ഭാഗം I Appendix XII B, KS & SSR ചട്ടം 27 (c) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി ടിയാനെ സൂചന (5)-ലെ ക്ലർക്കുമാരുടെ അന്തിമ മുൻഗണനാപ്പട്ടികയിലെ സീനിയോരിറ്റി നമ്പർ 343 ശ്രീ. പ്രഭാഷ് ആർ-നും, സൂചന (6) ക്ലർക്കുമാരുടെ അന്തിമ മുൻഗണനാപ്പട്ടികയിലെ സീനിയോരിറ്റി നമ്പർ 344 (ക്രമ നം. 1) ശ്രീമതി. രാജി.എസ്-നും മദ്ധ്യേ സീനിയോരിറ്റി നം. 343A ആയി സൂചന (6) പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു.

**മേൽ** പ്രസ്താവിക്കപ്പെട്ട തരത്തിലുള്ള ക്ലർക്കുമാരുടെ അന്തിമ മുൻഗണനാപ്പട്ടികയിലെ മാറ്റങ്ങളിൽ ആക്ഷേപങ്ങളോ പരാതികളോ ഉള്ളവർ ഈ നോട്ടീസ് പ്രസിദ്ധീകരണ തീയതി മുതൽ **7 ദിവസത്തിനകം** ഈ കാര്യാലയത്തിൽ രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധി കഴിഞ്ഞും പരാതികൾ ലഭ്യമാകാത്തപക്ഷം **മേൽ** പ്രസ്താവിക്കപ്പെട്ട മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ക്ലർക്കുമാരുടെ അന്തിമ മുൻഗണനാപ്പട്ടിക ക്രമീകരിച്ച് ഉത്തരവാകുന്നതാണ്.

**ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ**
(ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധികചുമതല)

അംഗീകാരത്തോടെ

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

പകർപ്പ് :
1) എല്ലാ നിയന്ത്രണാധികാരികൾക്കും (താങ്കൾ താങ്കളുടെ കീഴിലുള്ള ജീവനക്കാരെ അറിയിക്കേണ്ടതാണ്)
2) ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക വെബ് സൈറ്റ് മുഖേന
3) കരുതൽ ഫയൽ

P 707